# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org  ഇ-മെയിൽ: kserc@erckerala.org


തീയതി:19.05.2020

## പത്രക്കുറിപ്പ്

കോവിഡ് 19-ഉം തുടർന്നുണ്ടായിരിക്കുന്ന ലോക്ക്ഡൗണും കമ്മീഷന്റെ തെളിവെടുപ്പ് അടക്കമുള്ള പ്രവർത്തനങ്ങളെ തുടർന്നും ബാധിക്കാതെ ഇരിക്കുന്നതിനായി ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ തെളിവെടുപ്പ് വീഡിയോ കോൺഫറൻസ് മുഖാന്തിരം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

പ്രസ്തുത തെളിവെടുപ്പുകളിൽ വീഡിയോ കോൺഫറൻസ് മുഖാന്തിരം പങ്കെടുക്കുന്നതിന് താല്പര്യമുള്ള ഉപഭോക്താക്കളും പൊതുജനങ്ങളും തെളിവെടുപ്പു നിശ്ചയിച്ചിട്ടുള്ള തീയതിക്ക് 5 ദിവസം മുൻപായി ഏത് തെളിവെടുപ്പിനാണോ പങ്കെടുക്കേണ്ടത് ആയതിന്റെ വിവരം, ഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവ സഹിതം ഇ-മെയിൽ മുഖാന്തിരം കമ്മീഷൻ സെക്രട്ടറിയെ അറിയിക്കേണ്ടതാണ് (kserc@erckerala.org) വീഡിയോ കോൺഫറൻസിൽ പങ്കെടുക്കുന്നതിനാവശ്യമായ ലാപ്ടോപ്പ് / ഡെസക്ടോപ്പ് /കമ്പ്യൂട്ടർ / സ്മാർട്ട് ഫോൺ/ടാബ്, ഇന്റർനെറ്റ് സൗകര്യം എന്നിവ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ കരുതേണ്ടതാണ്. വീഡിയോ കോൺഫറൻസിനുള്ള സമയക്രമവും ലിങ്കും ഇ-മെയിൽ മുഖാന്തിരം പൊതുതെളിവെടുപ്പിന് മുൻപായി അറിയിക്കുന്നതായിരിക്കും. തെളിവെടുപ്പ് സംബന്ധിച്ച തീയതികളും മറ്റു വിവരങ്ങളും കമ്മീഷന്റെ വെബ് സൈറ്റിൽ അതാത് സമയത്ത് പ്രസിദ്ധീകരിക്കുന്നതാണ്. ഈ സൗകര്യം എല്ലാവരും പ്രയോജനപ്പെടുത്തുവാൻ താൽപര്യപ്പെടുന്നു.

സെക്രട്ടറി